പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

15.09. 2020

# ഉടുമ്പുന്തലയിലെ അംഗനവാടി കെട്ടിടം: ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് തേടി

കാസറഗോഡ് തൃക്കരിപ്പൂർ പഞ്ചായത്തിലെ അപകടാവസ്ഥയിലായ ഉടുമ്പന്തല അങ്കണവാടി കെട്ടിടം നിർമിച്ചവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ ആവശ്യപ്പെട്ടു. വളരെ അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിക്കാനും നിലനിർത്താനും ആവില്ല. ഇതു സംബന്ധിച്ച് ജില്ല ശിശു സംരക്ഷണ ഓഫീസർ റിപ്പോർട്ട് നൽകണമെന്നും ആവശ്യപ്പെട്ടു.

രണ്ടു വർഷം മുൻപ് ജില്ല പഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി 15 ലക്ഷം രൂപ മുടക്കി നിർമിച്ച കെട്ടിടമാണ് അപകടകരമായ വിധത്തിൽ ചുമരിൽ വിള്ളൽ വീണ് ക്ഷയിച്ചത്. വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും അങ്കണവാടയുടെ ദുരവസ്ഥ മനസ്സിലാക്കി സ്ഥലം സന്ദർശിക്കുകയായിരുന്നു കമ്മീഷൻ. അംഗം പി. പി ശ്യാമളകുമാരി, തൃക്കരിപ്പൂർ പഞ്ചായത്ത് പ്രസിഡന്റ് പി.സി ഫൗസിയ, ജില്ല ശിശു സംരക്ഷണ ഓഫീസർ ബിന്ദു, അങ്കണവാടി അദ്ധ്യാപിക സുമതി എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു സന്ദർശനം.

പബ്ലിക് റിലേഷൻസ് ഓഫീസർ